**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 618** — **24-08-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റേയും ഭാഗമായി വ്യവസായ സംരംഭങ്ങൾക്ക് 3 വർഷം വരെ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലെന്നും തുടർന്നുള്ള 6 മാസത്തിനുള്ളിൽ ലഭ്യമാക്കിയാൽ മതിയെന്നുമുള്ള ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം കമേഴ്സ്യൽ ബിൽഡിംഗിലോ, ചട്ടപ്രകാരം അനുയോജ്യമല്ലാത്ത കെട്ടിടങ്ങളിലോ വ്യവസായം തുടങ്ങി മൂന്ന് വർഷത്തിന് ശേഷം പഞ്ചായത്ത് ലൈസൻസിന് അപേക്ഷിച്ചാൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം ജി1 പ്രകാരം ലൈസൻസ് നൽകാനാവില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് അനുമതികളുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങളും നിയമങ്ങളും ഒന്നും തന്നെ ലംഘിക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. ലംഘനം കണ്ടെത്തിയാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ നിയമത്തിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രയാസങ്ങൾ മുൻകൂട്ടിക്കണ്ട് തുടക്കത്തിൽ തന്നെ ആയത് പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | ഇത്തരം ലംഘനങ്ങൾ ഒഴിവാക്കാനായി എം.എസ്.എം.ഇ അക്നോളഡ്ജ്മെന്റുകൾ പരിശോധിച്ച് നിയമലംഘനം ഉള്ളവ ജില്ലാ തല ഏകജാലക ബോർഡ് മുഖാന്തിരം റദ്ദ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ